(ബി) എങ്കിൽ ഇവർക്ക് ക്ഷേമനിധി അംഗത്വം ലഭ്യമാക്കി ഉത്തരവായിട്ടുണ്ടോ; ഇതിനായി എത്ര പേർ അപേക്ഷ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ക്ഷേമനിധി അംഗത്വം എന്ന് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധിയിലെ കലാ സാംസ്കാരിക പ്രവർത്തകൻ എന്ന നിർവ്വചനത്തിൽ പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നിവയും ഉൾപ്പെടുന്നു. അതിനാൽ അവർക്ക് ക്ഷേമനിധിയിൽ അംഗത്വത്തിനായി അപേക്ഷിക്കാവുന്നതാണ്.

(ബി) പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് എന്നീ മേഖലയിൽനിന്നും 128 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ അംഗത്വം നൽകിയിട്ടില്ല.

(സി) ക്ഷേമനിധിയിൽ അംഗത്വം നൽകുന്നതിനായി, അപേക്ഷകർ കലാസാംസ്കാരിക പ്രവർത്തക രംഗത്തുള്ളവരാണെന്നുള്ളതിന് ആക്ട് നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള അക്കാദമികളോ അല്ലെങ്കിൽ കലാപ്രവർത്തനം നടത്തുന്ന ട്രേഡ് ബോഡികളോ ശിപാർശ ചെയ്യേണ്ടതുണ്ട്. പന്തൽ അലങ്കാരം, ലൈറ്റ് & സൗണ്ട് മേഖലയിൽ നിന്നുള്ള അപേക്ഷകളിന്മേൽ ഇത്തരം ശിപാർശ ലഭിക്കാത്തതിനാൽ അംഗത്വം നൽകുന്ന കാര്യം പരിഗണിക്കാനായിട്ടില്ല.

ശില്പഗ്രാമം പദ്ധതി

73 (1447) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള പടനിലം നന്ദികേശ ശില്പഗ്രാമം പദ്ധതി അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല നൽകിയതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി 2016 ഫെബ്രുവരിയിൽ ആരംഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ആറന്മുള പടനിലം നന്ദികേശ ശിൽപ പൈതൃക ഗ്രാമമായി പ്രഖ്യാപിക്കുന്ന വിഷയം 6243/എ 1/14/സാം.ക.വ. ഫയലിൽ പരിശോധിച്ചു വരികയാണ്.

വയലാ നാടക ഗവേഷണകേന്ദ്രം

74 (1448) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം ഇട്ടിവ ഗ്രാമപഞ്ചായത്തിലെ വയലായിൽ ഡോ. വയലാ വാസുദേവൻപിള്ള സ്മാരക ട്രസ്റ്റ്, സർക്കാരിന്റെ സഹായത്തോടെ നിർമ്മിക്കുന്ന നാടക ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ ബാക്കി തുക ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

വയലാ നാടക ഗവേഷണ കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള ട്രസ്റ്റിന്റെ അപേക്ഷ പരിഗണിച്ച് ഒന്നാം നിലയുടെ നിർമ്മാണത്തിന് 2012-13 സാമ്പത്തിക വർഷം 10 ലക്ഷം രൂപ അനുവദിച്ചിരുന്നു. എന്നാൽ 35 ലക്ഷം രൂപയോളം ചെലവ് പ്രതീക്ഷിക്കുന്ന ഒന്നാം നിലയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് പ്രസ്തുത തുക അപര്യാപ്തമാണെന്ന് സ്ഥാപനം ഭാരവാഹികൾ അറിയിച്ചതിനെ തുടർന്ന് 2013-14 സാമ്പത്തിക വർഷം 10 ലക്ഷം രൂപ കൂടി അനുവദിച്ചിട്ടുണ്ട്.

വയലാ നാടക ഗവേഷണ കേന്ദ്രത്തിന്റെ നിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നതിന് നടപ്പ് സാമ്പത്തിക വർഷം 25 ലക്ഷം രൂപ കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥാപനം സെക്രട്ടറി സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത ആവശ്യം പരിശോധിച്ച് വരികയാണ്.

സിനിമാ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്കുകൾ

75 (T1449) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ തിയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കുകൾ ഈടാക്കി വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly